**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4243 — 24.10.2016 ൽ മറുപടിക്ക്

## "ആർദ്രം" പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>,, ജി.എസ്.ജയലാൽ<br>,, വി.ആർ. സുനിൽ കുമാർ<br>,, എൽദോ എബ്രഹാം | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രിയിലെ ഒ.പി. പരിശോധനാ സംവിധാനം കൂടുതൽ ജന സൗഹൃദമാക്കുന്നതിനായി 'ആർദ്രം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) & (ബി) | ആവിഷ്ക്കരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടന്നുവരികയാണ്. |
| (ബി) | 'ആർദ്രം' പദ്ധതികളുടെ പൂർണ്ണമായ കംപ്യൂട്ടറൈസേഷൻ ആവശ്യമായതിനാൽ ആയത് ഫലപ്രദമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഒരു രോഗി ഒരു സർക്കാർ ആശുപത്രിയിൽ ഒരിക്കൽ പ്രവേശിച്ചാൽ അയാളുടെ 'മെഡിക്കൽ ഹിസ്റ്ററി' ഏത് സർക്കാർ ശൃംഖലയിലും ലഭ്യമാകത്തക്കതരത്തിൽ ഇന്റർനെറ്റ് മുഖേനയുള്ള ഒരു സംവിധാനം പ്രാവർത്തികമാക്കുമോ; വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരു രോഗിയെ സംബന്ധിച്ച മെഡിക്കൽ വിവരങ്ങൾ ഇന്റർനെറ്റ് സഹായത്തോടെ എല്ലാ സർക്കാർ ആശുപത്രികളിലേയും ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ ഡോക്ടർമാർക്ക് ലഭ്യമാകും വിധമാണ് (VPN) പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ